# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3002
### 18-10-2016 ലെ മറുപടിക്ക്

**സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ**

| ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ. പി.ടി. തോമസ് | മറുപടി<br>ശ്രീ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിന്റെ വരവ് പ്രോത്സാഹിപ്പിക്കുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ; | സംസ്ഥാനത്തിന് കോർ കോംപീറ്റൻസുള്ള ഐ. ടി, ടൂറിസം, വിജ്ഞാനാധിഷ്ഠിതമായ ആധുനിക തൊഴിൽ തുറകൾ എന്നീ മേഖലകളിൽ വലിയ തോതിൽ സ്വകാര്യ നിക്ഷേപം കൊണ്ടുവന്നുകൊണ്ടേ കേരളം ഇന്നനുഭവിക്കുന്ന പ്രതിസന്ധിയിൽ നിന്നും കരകയറാനാകൂ. ഇത് സാധിക്കണമെങ്കിൽ പശ്ചാത്തല സൗകര്യ വികസനത്തിൽ ഒരു കുതിച്ചു ചാട്ടം ഉണ്ടായേ മതിയാകൂ. സർക്കാരിന്റെ നിലവിലെ ധനസ്ഥിതിയുടെ പശ്ചാത്തലത്തിൽ ഇത്തരമൊരു കുതിച്ചുചാട്ടത്തിന് വേറിട്ട ചില മാർഗങ്ങൾ സ്വീകരിച്ചേ മതിയാകൂ. ഇതിനുള്ള പരിശ്രമമാണ് കിഫ്ബിയിലൂടെ സർക്കാർ നടത്തുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള |

| | |
|---|---|
| | ധനസമാഹരണത്തിനുവേണ്ടി ധനവിപണിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 19-09.2014-ലെ സ.ഉ.(പി) നം. 401/14/ധന പ്രകാരം ഒരു സമിതി രൂപീകരിച്ചു. തുടർന്ന്, മേൽ സമിതിയുടെ ശുപാർശയിന്മേൽ 29.12.2014-ലെ സ.ഉ.(പി) നം. 583/14/ധന പ്രകാരം ഇടക്കാലാവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകളും റവന്യൂ ബോണ്ടുകളും പുറപ്പെടുവിക്കുന്നതിനും AIF Category I (ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്) InVIT (ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്) IDF (ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട്) മുതലായവയിലൂടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾക്കുള്ള ഫണ്ട് സമാഹരിക്കുന്നതിനായുള്ള പദ്ധതി അംഗീകരിക്കുകയും അതിനനുസൃതമായി കിഫ്ബി ആക്റ്റ് ഭേദഗതി ചെയ്യുകയും ചെയ്തു. കൂടാതെ നടപ്പു സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ പ്രത്യേക നിക്ഷേപ പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവാസികളിൽ നിന്നുള്ള നിക്ഷേപങ്ങൾ, വ്യവസായികളുടെ നിക്ഷേപ പങ്കാളിത്തം, കടപ്പത്രങ്ങൾ പുറപ്പെടുവിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ ഇപ്പോൾ പ്രാഥമിക ഘട്ടത്തിലാണ്. |

| | |
|---|---|
| **(ബി)** ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ സ്വകാര്യ നിക്ഷേപം കൊണ്ടുവരാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | പ്രസ്തുത നിക്ഷേപ പദ്ധതി പ്രകാരം 2500 കോടി രൂപയുടെ നിക്ഷേപമാണ് നടപ്പ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത്. |
| **(സി)** ഈ ലക്ഷ്യം കൈവരിക്കുന്നതിനായി കഴിഞ്ഞ നാല്വ മാസത്തിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഈ ലക്ഷ്യം കൈവരിക്കുന്നതിനുതകും വിധം കഴിഞ്ഞ 4 മാസക്കാലയളവിനുള്ളിൽ 1999 ലെ കിഫ് ആക്ട് ഭേദഗതി ചെയ്ത് ഓർഡിനൻസായി പുറപ്പെടുവിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും അടങ്ങുന്ന യോഗം കൂടി വകുപ്പുതല പദ്ധതികളുടെ വിശദാംശങ്ങൾ അവലോകനം ചെയതു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്തയിൽ ബന്ധപ്പെട്ട വകുപ്പുകളും, എസ്.പി.വി കളുമായി പദ്ധതികളുടെ അവലോകനം നടത്തുകയും അതനുസരിച്ച് 104 പദ്ധതി നിർദ്ദേശങ്ങൾ ഇന്നേവരെ സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഈ പദ്ധതികളുടെ വിശദമായ അവലോകനം നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**